# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1080** — **13.06.2013-ലെ മറുപടിയ്ക്ക് ഉണ്ടായിരുന്നത്**

**മെഡിക്കൽ എൻജിനിയറിംഗ് പ്രവേശന പരീക്ഷയിലെ ക്രമക്കേട്**

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

(എ) കേരളത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ സ്വന്തമായി പ്രവേശന പരീക്ഷ നടത്തുന്നതായും അതിലെ ചോദ്യപേപ്പറുകൾ മുൻകൂട്ടി കുട്ടികൾക്ക് നൽകി പ്രവേശന പരീക്ഷ നടത്തുന്നതായും സീറ്റുകൾ വൻകോഴ വാങ്ങി വില്പന നടത്തുന്നതായും വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ക്രമക്കേടുകൾ നടത്തുന്ന മാനേജ്മെന്റുകൾ നടത്തുന്ന പ്രവേശന പരീക്ഷ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം മാനേജ്മെന്റുകൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

**(എ), (ബി) & (സി)**

ഈ വർഷത്തെ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് പ്രത്യേക പരീക്ഷ നടത്തുന്നതിൽ ബഹു : സുപ്രീംകോടതി വിലക്ക് ഏർപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിലേക്കായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പ്രത്യേക പ്രവേശന പരീക്ഷ നടത്താൻ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പരീക്ഷയിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ റദ്ദാക്കുകയും വീണ്ടും പരീക്ഷ നടത്താൻ കമ്മിറ്റി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ